# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 315 23.01.2018-ൽ മറുപടിക്ക്**

## സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ആശുപത്രികളും മെഡിക്കൽ കോളേജുകളും ഏതൊക്കെയാണ്; | എ) | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അത്യാഹിത വിഭാഗത്തിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആരോഗ്യ വകുപ്പിന്റെ കീഴിൽ ചുവടെ ചേർത്തിരിക്കുന്ന ആശുപത്രികളിലും ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്;<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി<br>• ജനറൽ ആശുപത്രി ആലപ്പുഴ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തൊടുപുഴ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നോർത്ത് പറവൂർ<br>• ജനറൽ ആശുപത്രി തിരൂർ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻ ബത്തേരി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നിലമ്പൂർ<br>• ജില്ലാ ആശുപത്രി കൊല്ലം<br>• ജനറൽ ആശുപത്രി കാസർഗോഡ്<br>• താലൂക്ക് ആശുപത്രി ആറ്റിങ്ങൽ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, |

| | | | |
|---|---|---|---|
| | | | ചാലക്കുടി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, താമരശ്ശേരി<br>• ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്<br>• ജില്ലാ ആശുപത്രി, നെയ്യാറ്റിൻക്കര<br>• ജില്ലാ ആശുപത്രി,പാലക്കാട്<br>• ജനറൽ ആശുപത്രി, എറണാകുളം<br>• ജനറൽ ആശുപത്രി, നെയ്യാറ്റിൻകര<br>• താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി<br>• താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര<br>• ജനറൽ ആശുപത്രി, ആറ്റിങ്ങൽ |
| ബി) | ഇതിൽ കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയത് ഏതൊക്കെ; | ബി) | തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ നാഷണൽ ഹൈവേയ്സ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ, തിരുവനന്തപുരം എന്നീ മെഡിക്കൽ കോളേജുകളെ ലെവൽ 2 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ആരോഗ്യ വകുപ്പിന് കീഴിൽ ജനറൽ ആശുപത്രി, എറണാകുളം, ജില്ലാ ആശുപത്രി, കണ്ണൂർ എന്നിവയാണ് കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയവ.<br><br>13-ാം ഫിനാൻസ് കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ട്രോമാകെയർ പദ്ധതിക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ട്രോമാകെയർ സംവിധാനം നടപ്പിലാക്കിയ ആശുപത്രികളിൽ ഇതിന്റെ പ്രവർത്തനം ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | സി) | വിലയിരുത്തിയിട്ടുണ്ട്. ട്രോമാകെയർ സംവിധാനം പ്രവർത്തന സജ്ജമായ എല്ലാ ആശുപത്രികളിലും ട്രോമാകെയറുമായി ബന്ധപ്പെട്ട് വരുന്ന രോഗികൾക്ക് വിദഗ്ധ ചികിത്സ നൽകി വരുന്നു. അത്യാഹിത വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ട്രോമാകെയർ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. |
| ഡി) | സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | സ്റ്റേറ്റ് ഫണ്ടിന്റെ ലഭ്യതയും ട്രോമാകെയറിന്റെ അനിവാര്യതയും കണക്കിലെടുത്ത് മുൻഗണനാ ക്രമത്തിൽ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**